ഗവൺമെൻറ് സഹകരിക്കാം. പക്ഷെ, രാമകൃഷ്ണൻ ഇങ്ങോട്ട് ഗവൺമെൻറിന്റെ കാര്യത്തിലും സഹകരിക്കണം. ഉടനെതന്നെ നമുക്ക് പ്രോജക്ട് നടപ്പിലാക്കണം. അതിനുവേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) റവന്യൂ വകുപ്പിലെ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

ശ്രീ. ടി വി. ചന്ദ്രമോഹൻ: സർ, റവന്യൂ ഡിപ്പാർട്ടുമെൻറിൽ കഴിഞ്ഞ രണ്ടര വർഷക്കാലമായി എൽ ഡി. ക്ലാർക്കുമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആയിരത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും നിയമനങ്ങളൊന്നും നടത്താത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. 1991 ഡിസംബറിൽ പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചപ്പോൾ എൽ ഡി. ക്ലാർക്കുമാരുടെ സെലക്ഷൻ കഴിഞ്ഞതിനുശേഷം അവരെ ചെയിൻ സർവ്വേ ടെസ്റ്റിനു അയയ്ക്കുമെന്നാണ് പറഞ്ഞിരുന്നത്. അതിനു വ്യത്യസ്തമായി 1994-ൽ റവന്യൂ സെക്രട്ടറി പുറപ്പെടുവിച്ച സർക്കുലറിൽ ഇവർ ചെയിൻ സർവ്വേകൂടി പാസാകണമെന്ന നിബന്ധനയുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷമായി തസ്തികകളൊന്നും ഫിൽ ചെയ്യാതെ കിടക്കുന്നതുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾ വളരെ വിഷമിക്കുന്നു. അതിനു അടിയന്തിരമായി നടപടി സ്വീകരിക്കണം. ഈ ചെയിൻ സർവ്വേ നിർബന്ധമല്ല എന്നുള്ള രീതിയിൽ എടുത്താൽ മാത്രമേ ഇവരെ റവന്യൂ ഡിപ്പാർട്ടുമെൻറിൽ പോസ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ കാര്യത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്ന് അടിയന്തിര നടപടികൾ പ്രതീക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു കാര്യമായ പ്രശ്നമാണ്. എൽ.ഡി.സി.-യുടേയും വില്ലേജ് അസിസ്റ്റൻറിനേയും പോസ്റ്റുകൾ സംയോജിപ്പിച്ചു. അപ്പോൾ എൽ ഡി.സി.-ക്ക് മിനിമം ക്വാളിഫിക്കേഷൻ എസ്.എസ്.എൽ സി. ആയിരുന്നു. വില്ലേജ് അസിസ്റ്റൻറിനാണെങ്കിൽ എസ്.എസ്.എൽ സി.-യും ചെയിൻ സർവ്വേയുമാണ് മിനിമം ക്വാളിഫിക്കേഷൻ. രണ്ടു പോസ്റ്റുകളും സംയോജിപ്പിച്ചപ്പോൾ എടുത്ത തീരുമാനം ഇനിയുള്ള റിക്രൂട്ടുമെൻറിനു എസ്.എസ്.എൽ.സി.-യും ചെയിൻ സർവ്വേയും വേണമെന്നാണ്. അങ്ങനെ വന്നപ്പോഴുണ്ടായ ബുദ്ധിമുട്ടാണിത്. അതിനു രമ്യമായ ഒരു പരിഹാരമെന്നുള്ള നിലയിൽ എനിക്ക് തോന്നുന്നത്, ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ വന്നിരിക്കുന്ന ആളുകൾക്ക് ചെയിൻ സർവ്വേ ഇല്ലെങ്കിലും അവരെ അബ്സോർബ് ചെയ്തിട്ട് രണ്ടാമത് അവർ ചെയിൻ സർവ്വേ പാസ്സായിരിക്കണമെന്ന ഒരു നിർദ്ദേശം കൊടുത്തിട്ട് ഒരു കാലയളവിനുള്ളിൽ അവർ ചെയിൻ സർവ്വേയുംകൂടെ പൂർത്തിയാക്കണമെന്നുള്ള കണ്ടീഷനു വിധേയമായി അവരെ റിക്രൂട്ട് ചെയ്യുന്നതായിരിക്കും ഉത്തമം എന്നാണ്. അതിനുവേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടികൾ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly